കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഒറ്റപ്പാലം നഗരസഭ - നഗരസഭയിലെ സാക്ഷരതാ പ്രേരക്മാരെ പിരിച്ചുവിട്ട നടപടി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2391/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 27/9/2013

പരാമർശം :

1. ഒറ്റപ്പാലം നഗരസഭാ സെക്രട്ടറിയുടെ ജി3-6339/98 നമ്പർ നോട്ടീസ്
2. നോഡൽ പ്രേരക് ശ്രീ.കെ.ഭാസ്കരൻ മുതൽ പേരുടെ 20/12/2012 ലെ നിവേദനം
3. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ (ഇൻചാർജ്ജ്) 22/3/2013 തീയതിയിലെ എ 7-2528/12/കെ.എസ്.എൽ.എം.എ നമ്പർ കത്ത്
4. നഗരകാര്യ ഡയറക്ടറുടെ 7/9/2013 ലെ ഇ 2-5767/13 നമ്പർ കത്ത്

## ഉത്തരവ്

ഒറ്റപ്പാലം നഗരസഭയുടെ കീഴിലുള്ള സാക്ഷരതാ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾ കൃത്യമായി പ്രവർത്തിക്കുന്നില്ല എന്ന ആരോപണത്തെ തുടർന്ന് ടി തുടർകേന്ദ്രത്തിലെ സാക്ഷരതാ പ്രേരക്മാരെ ഒറ്റപ്പാലം നഗരസഭാ സെക്രട്ടറി സസ്പെന്റ് ചെയ്തിരുന്നു. ഇതിനെതിരെ സസ്പെന്റ് ചെയ്യപ്പെട്ട സാക്ഷരതാ പ്രേരക്മാരായി പ്രവർത്തിച്ചു കൊണ്ടിരുന്ന തങ്ങൾ സംസ്ഥാന സാക്ഷരതാമിഷനും ജില്ലാ സാക്ഷരതാമിഷനും മുൻസിപ്പാലിറ്റി സാക്ഷരതാസമിതിയും തീരുമാനിക്കുന്നതുമായ എല്ലാ പ്രവർത്തനങ്ങളും കൃത്യമായി നടപ്പിലാക്കി കൊണ്ടിരിക്കുന്നവരാണെന്നും തങ്ങളെ പിരിച്ചുവിടണമെന്ന മുൻ നിർദ്ദേശപ്രകാരം അന്വേഷണ റിപ്പോർട്ടുണ്ടാക്കിയാണ് പിരിച്ചുവിട്ടതെന്നും ബോധിപ്പിച്ചുകൊണ്ട് ടി നടപടി റദ്ദ് ചെയ്യണമെന്ന് പരാമർശം 2 ാമതായി വായിച്ച ഹർജിയിൽ സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ പരാമർശം 4 ാമതായി വായിച്ച കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു.

ഒറ്റപ്പാലം നഗരസഭയിലെ സാക്ഷരതാപ്രേരക്മാരുടെ പ്രവർത്തനങ്ങൾക്കെതിരെ 3/6/2012 തീയതി വെച്ച് മൂന്ന് പരാതികൾ 4/6/2012 ന് നഗരസഭാ ഓഫീസിൽ ലഭിച്ചിട്ടുള്ളതായും ആയതിൽ മൂന്നിലും അന്വേഷണം നടത്തി റിപ്പോർട്ട് സർപ്പിക്കുന്നതിന് ഹെൽത്ത് ഇൻസ്പെക്ടർക്ക് നഗരസഭാ സെക്രട്ടറി നിർദ്ദേശം നൽകുകയും അതുപ്രകാരം 11/6/2012 ന് രാവിലെ 11.30 ന് ഹെൽത്ത് ഇൻസ്പെക്ടർ സാക്ഷരതാ കേന്ദ്രങ്ങൾ പരിശോധന നടത്തിയാതായും പരിശോധനാ സമയത്ത് കേന്ദ്രം തുറന്ന് പ്രവർത്തിക്കുന്നതായി കാണാൻ കഴിഞ്ഞിട്ടില്ലായെന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരസഭാ ചെയർപേഴ്സൺ നിർദ്ദേശിച്ച പ്രകാരം 23/6/2012 ലെ ഉത്തരവ് പ്രകാരം രണ്ട് നോഡൽ പ്രേരക്മാരെയും, ഒമ്പത് അസിസ്റ്റന്റ് പ്രേരക്മാരെയും അന്വേഷണ വിധേയമായി

ജോലിയിൽ നിന്നു സസ്പെന്റ് ചെയ്തതായും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനെതിരെ പ്രേരക്മാർ നൽകിയിരിക്കുന്ന മറുപടി പരിഗണിച്ച ശേഷം ആയതിൽ തൃപ്തിവരാതെ 6/10/2012 ൽ ഇവർക്ക് കുറ്റാരോപണ മെമ്മോ നൽകുകയും 9/11/2012 ൽ നടന്ന മുൻസിപ്പൽതല സാക്ഷരതാ സമിതി യോഗത്തിൽ വിശദമായി ചർച്ചയ്ക്ക് ശേഷം മുഴുവൻ പ്രേരക്മാരെയും പിരിച്ചുവിടാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തതായി കാണുന്നു.

ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും പ്രേരക്മാരെ മുഴുവൻ പിരിച്ചുവിടുന്നതിനുവേണ്ടി ആലോചിച്ചുറപ്പിച്ച് തീരുമാനം നടപ്പിലാക്കിയിരിക്കുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു എന്ന് കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നതായി നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പ്രേരക്മാരുടെ പ്രവർത്തനങ്ങൾക്കെതിരെ ലഭിച്ചിട്ടുള്ള മൂന്ന് പരാതികളും ഒരേ ദിവസം നഗരസഭയിൽ ലഭിച്ചിരിക്കുന്നു. പാലപ്പുറം, വാരോട്, കണ്ണിയാമ്പുറം എന്നീ സ്ഥലങ്ങളിലുള്ള സാക്ഷരതാ കേന്ദ്രങ്ങളെ സംബന്ധിച്ച പരാതികൾ മൂന്ന് എണ്ണം ഒരേ ദിവസം തന്നെ നഗരസഭയിൽ ലഭിച്ചതിലും, കിലോമീറ്ററുകൾ അകലത്തിൽ സ്ഥിതി ചെയ്യുന്ന കേന്ദ്രങ്ങൾ കൃത്യം 11.30 ന് ഹെൽത്ത് ഇൻസ്പെക്ടർ പരിശോധിച്ചതിലും അസ്വഭാവികത ഉള്ളതായി കാണുന്നു. 9/11/2012 ന് മാത്രമാണ് മുൻസിപ്പൽതല സാക്ഷരതാസമിതി യോഗം ചേർന്നതായി മിനുട്സ് ബുക്ക് പ്രകാരം കാണുന്നത്. ഇതിനു മുമ്പോ ശേഷമോ ഒരു യോഗവും നഗരസഭയിൽ ചേർന്നതായി കാണുന്നില്ലെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ അറിയിച്ചിട്ടുള്ളതായി നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സസ്പെൻഷൻ ഉത്തരവ് ലഭച്ചതിനെ തുടർന്ന് പ്രേരക്മാർ സമർപ്പിച്ച മറുപടിയിൽ കേന്ദ്രത്തിന് പുറത്ത് പോകാനിടയായ സാഹചര്യങ്ങൾ ടിയാളുകൾ വ്യക്തമാക്കിയതായി കാണുന്നുവെങ്കിലും ആയത് പരിഗണിച്ചിട്ടുള്ളതായി രേഖകൾ പ്രകാരം കാണുന്നില്ല. ഒരു നഗരസഭയിൽ പ്രവർത്തിച്ചുവരുന്ന പ്രേരക്മാരെ സംബന്ധിച്ച് ലഭിച്ച ഏക പരാതിയിന്മേൽ ഒരു നിശ്ചിത സമയത്ത് മാത്രം പരിശോധന നടത്തുകയും തുടർന്ന് എല്ലാവരെയും ഒരുമിച്ച് സസ്പെന്റ് ചെയ്യുകയും, പിരിച്ചുവിടാൻ തീരുമാനിക്കുകയും ചെയ്ത നടപടി ക്രമപ്രകാരമാണെന്ന് കാണുന്നില്ല. ഇവരുടെ പ്രവർത്തനത്തെ സംബന്ധിച്ച് പരാതികൾ ഉള്ളപക്ഷം പ്രാഥമികമായി അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ടശേഷം ആയത് സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയെ അറിയിച്ച് ആവശ്യമെങ്കിൽ അവരെ മാറ്റികൊണ്ട് പകരം ആളെ നിയമിക്കുന്നതിന് നടപടിയെടുക്കാൻ നിർദ്ദേശിക്കാതെ എല്ലാവരെയും പിരിച്ചുവിട്ടുകൊണ്ട് കേന്ദ്രങ്ങൾ അടച്ചിടുന്ന നടപടി നിയമാനുസൃതമല്ല എന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാന സാക്ഷരതാ മിഷന്റെ 17/10/2012 ലെ കത്തിൽ സാക്ഷരതാമിഷൻ ചുമതലപ്പെടുത്തിയ ഇവാല്യുവേഷൻ ടീം നടത്തിയ പരിശോധനയിൽ വീഴ്ച കണ്ടെത്താൻ ആയില്ല എന്നും കൂടുതൽ അന്വേഷണത്തിനായി ട്രൈബൽ പ്രൊജക്റ്റ് കോഓർഡിനേറ്ററെ ചുമതലപ്പെടുത്തിയതിൽ പത്താം തരം തുല്യതാ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഫീൽഡ് പ്രവർത്തനത്തിലായിരുന്നതിനാലാണ് നഗരസഭയുടെ പരിശോധനാവേളയിൽ പ്രേരക്മാർ കേന്ദ്രങ്ങളിൽ ഹാജരില്ലാതിരുന്നതെന്നും, നഗരസഭയുടെ നടപടി ഏകപക്ഷീയമായി കാണുന്നുവെന്നും ആയതിനാൽ സസ്പെൻഷൻ ഉത്തരവ് പിൻവലിച്ച് പ്രേരക്മാരുടെ പ്രവർത്തനം സജീവമാക്കാനുള്ള നിർദ്ദേശം നൽകുകയും അതനുസരിച്ച് പ്രവർത്തിക്കാനുള്ള സമയം അനുവദിച്ചുകൊണ്ട് പ്രവർത്തനം വിലയിരുത്തണമെന്നും എന്നിട്ടും പ്രവർത്തനം

തൃപ്തികരമല്ലെന്ന് ബോദ്ധ്യമായാൽ നഗരസഭാ സാക്ഷരതാ സമിതി കൂടി അനന്തര നടപടിക്ക് ശുപാർശ ചെയ്യാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ കത്തിലെ നിർദ്ദേശങ്ങൾ നഗരസഭ പാലിക്കാതെ ധൃതിയിൽ പ്രേരക്മാരെ ഒഴിവാക്കി കേന്ദ്രങ്ങൾ അടച്ചുപൂട്ടുകയാണ് ചെയ്തിട്ടുള്ളത്. നഗരസഭയുടെ തീരുമാനം പുനഃപരിശോധിച്ച് പ്രേരക്മാരുടെ സസ്പെൻഷൻ പിൻവലിച്ച് തുടരാൻ അനുവദിക്കണമെന്നും സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയുടെ 18/12/2012 ലെ യോഗ തീരുമാനം അറിയിച്ചുകൊണ്ടുള്ള കത്ത് 19/1/2013 ന് നഗരസഭയിൽ ലഭിച്ചതായും കാണുന്നുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ ഒന്നും തന്നെ നഗരസഭയുടെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടില്ലായെന്നും നഗരകാര്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒറ്റപ്പാലം നഗരസഭയിൽ സാക്ഷരതാ പ്രോരക്മാരായി നിയമിക്കപ്പെട്ടവരെ പിരിച്ചു വിടുന്നതിന് മുൻകൂട്ടി തീരുമാനിച്ച് ആയതിനനുസൃതമായ അന്വേഷണ റിപ്പോർട്ട് ഉണ്ടാക്കി നടപടി സ്വീകരിച്ചതായി കാണുന്നു. മാത്രമല്ല നിലവിലെ സാക്ഷരതാ പ്രോരക്മാരുടെ പ്രവർത്തനത്തിൽ തൃപ്തിയില്ലെങ്കിൽ പ്രസ്തുത വിവരം സാക്ഷരതാ മിഷനെ അറിയിച്ച് മറ്റ് മാർഗങ്ങൾ തേടുന്നതിനു പകരം നിലവിലുള്ള എല്ലാ സാക്ഷരതാ പ്രേരക്മാരെയും പിരിച്ചുവിട്ട് സാക്ഷരതാ കേന്ദ്രങ്ങൾ അടച്ചിട്ട നടപടി ന്യായീകരിക്കതക്കതല്ല.

മേൽസാഹചര്യത്തിൽ ഒറ്റപ്പാലം നഗരസഭയിലെ സാക്ഷരതാ പ്രേരക്മാരെ പിരിച്ചു വിട്ടുകൊണ്ടുള്ള നഗരസഭയുടെ ഉത്തരവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെ.സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ (ഇൻചാർജ്ജ്)
കേരളാ സംസ്ഥാന സാക്ഷരാ മിഷൻ അതോറിറ്റി, തിരുവനന്തപുരം.
സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**